കേരള സംസ്ഥാന സാക്ഷരതാമിഷൻ അതോറിറ്റി
KERALA STATE LITERACY MISSION AUTHORITY
(GENERAL EDUCATION DEPARTMENT, GOVERNMENT OF KERALA)
T.C. No. 25/92(2), Brindavan, Gandhari Amman Kovil Street, Puthen Chanthai, Thiruvananthapuram-1
Phone: 0471-2322253, 2322254 Fax: 0471-2322252 E-mail: stateliteracymission@gmail.com

'ഭരണഭാഷ - മാതൃഭാഷ'

Addl Director

പി2-2929/14/കെ.എസ്.എൽ.എം.എ 16-07-2014

19/7

സ്വീകർത്താവ്
Director
Collegiate Education
Trivandrum

Sys. Mgr
For uploading in the website
KG
19/7/14

സർ,

**വിഷയം : ലോക സാക്ഷരതാദിനാചരണം പ്രബന്ധ മത്സരം (2014) സംബന്ധിച്ച്**

ലോക സാക്ഷരതാ ദിനാചരണത്തോടനുബന്ധിച്ച് കേരള സംസ്ഥാന സാക്ഷരതാമിഷൻ അതോറിറ്റി വിദ്യാർത്ഥികളെയും അദ്ധ്യാപകരേയും സാക്ഷരതാ-തുടർവിദ്യാഭ്യാസ പ്രവർത്തകരേയും പങ്കെടുപ്പിച്ചുകൊണ്ട് പ്രബന്ധമത്സരം സംഘടിപ്പിയ്ക്കുന്നു. വിവിധ ഗ്രൂപ്പുകൾക്ക് വ്യത്യസ്തങ്ങളായ വിഷയങ്ങളാണ് നിശ്ചയിച്ചിട്ടുള്ളത്. പ്രബന്ധ മത്സരം സംബന്ധിച്ചുള്ള വിശദാംശങ്ങൾ അടങ്ങിയ സർക്കുലർ ഇതോടൊപ്പം ചേർത്തിട്ടുണ്ട്.

പ്രബന്ധമത്സരത്തിന്റെ വിജയകരമായ നടത്തിപ്പിന് താങ്കളുടെ സഹായസഹകരണങ്ങൾ അഭ്യർത്ഥിയ്ക്കുന്നു.

വിശ്വസ്തതയോടെ
എം. സുജയ്
ഡയറക്ടർ

കേരള സംസ്ഥാന സാക്ഷരതാമിഷൻ അതോറിറ്റി
KERALA STATE LITERACY MISSION AUTHORITY
(GENERAL EDUCATION DEPARTMENT, GOVERNMENT OF KERALA)
T.C. No. 25/92(2), Brindavan, Gandhari Amman Kovil Street, Puthen Chanthai, Thiruvananthapuram-1
Phone: 0471-2322253, 2322254 Fax: 0471-2322252 E-mail: stateliteracymission@gmail.com

'ഭരണഭാഷ - മാതൃഭാഷ'

പി2-2929/14/കെ.എസ്.എൽ.എം.എ

തീയതി 16/07/2014

# സർക്കുലർ

**വിഷയം : ലോക സാക്ഷരതാദിനാചരണം പ്രബന്ധ മത്സരം (2014)**

ലോക സാക്ഷരതാ ദിനാചരണത്തോടനുബന്ധിച്ച് കേരള സംസ്ഥാന സാക്ഷരതാമിഷൻ അതോറിറ്റി വിദ്യാർത്ഥികളെയും അദ്ധ്യാപകരേയും സാക്ഷരതാ-തുടർവിദ്യാഭ്യാസ പ്രവർത്തകരേയും പങ്കെടുപ്പിച്ചുകൊണ്ട് പ്രബന്ധമത്സരം സംഘടിപ്പിയ്ക്കുന്നു. വിവിധ ഗ്രൂപ്പുകൾക്ക് വ്യത്യസ്തങ്ങളായ വിഷയങ്ങളാണ് നിശ്ചയിച്ചിട്ടുള്ളത്.

| | ഗ്രൂപ്പ് | വിഷയം |
|---|---|---|
| 1. | കോളേജ്/ യൂണിവേഴ്സിറ്റി വിദ്യാർത്ഥികൾ | സാക്ഷരതാ/തുടർവിദ്യാഭ്യാസം മെച്ചപ്പെടുത്തുന്നതിൽ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് എന്ത് ചെയ്യാം. |
| 2. | ഹയർസെക്കണ്ടറി വിദ്യാർത്ഥികൾ | സാക്ഷരതാ/തുടർവിദ്യാഭ്യാസത്തിന് ഗ്രാമങ്ങളെ ദത്തെടുക്കൽ-സ്ക്കൂളുകളുടെ പങ്ക് |
| 3. | സ്ക്കൂൾ അദ്ധ്യാപകർ | സമൂഹത്തിലെ ദുർബല വിഭാഗങ്ങൾക്ക് സാക്ഷരത/തുടർവിദ്യാഭ്യാസം എപ്രകാരം പ്രാപ്യമാക്കാം. |
| 4. | ഹൈസ്ക്കൂൾ വിദ്യാർത്ഥികൾ | സാക്ഷരതാ-തുടർവിദ്യാഭ്യാസം ശക്തിപ്പെടുത്തുന്നതിൽ സ്കൂൾ വിദ്യാർത്ഥികൾക്കുള്ള പങ്ക് |
| 5. | പ്രേരക്/തുടർവിദ്യാഭ്യാസ പ്രവർത്തകർ | തുടർവിദ്യാഭ്യാസം ശാക്തീകരിക്കുന്നതിൽ നൂതന തന്ത്രങ്ങൾ എപ്രകാരം സ്വീകരിക്കാം. |
| 6. | പത്താംതരം തുല്യത പഠിതാക്കൾ | തുടർവിദ്യാഭ്യാസ പരിപാടികളിൽ പങ്കെടുത്തതിലൂടെ എന്റെ ജീവിതത്തിൽ ഉണ്ടായ മാറ്റം. |

- പ്രബന്ധങ്ങൾ മലയാളത്തിൽ ആയിരിക്കണം, 2500 വാക്കുകളിൽ കൂടുതൽ കവിയരുത്.
- പ്രബന്ധങ്ങൾ സ്വീകരിക്കുന്ന അവസാന തീയതി 16/08/2014.

മറുപുറം

സമ്മാനം

ഒന്നാം സമ്മാനം 5000/- രൂപയും സർട്ടിഫിക്കറ്റും
രണ്ടാം സമ്മാനം 3000/- രൂപയും സർട്ടിഫിക്കറ്റും

- സ്ക്കൂൾ വിദ്യാർത്ഥികളും അദ്ധ്യാപകരും സ്ക്കൂളിലെ പ്രധാന അദ്ധ്യാപകന്റെ സാക്ഷി പത്രം സഹിതം വേണം പ്രബന്ധം അയയ്ക്കേണ്ടത്.
- കോളേജ്/യൂണിവേഴ്സിറ്റി വിദ്യാർത്ഥികൾ അതാത് സ്ഥാപനങ്ങളിലെ പ്രിൻസിപ്പൽ/ വകുപ്പ് മേധാവിയുടെ സാക്ഷി പത്രം സഹിതമാണ് അയയ്ക്കേണ്ടത്.
- പ്രേരക്/തുല്യത പഠിതാക്കൾ/തുടർവിദ്യാഭ്യാസ പ്രവർത്തകർ എന്നിവർ അതാത് ജില്ലാ കോർഡിനേറ്റർമാരുടെ സാക്ഷിപത്രം സഹിതമാണ് പ്രബന്ധം അയയ്ക്കേണ്ടത്.
- പ്രബന്ധങ്ങൾ 'എ4' സൈസ് പേപ്പറിൽ ഒരു പുറത്ത് മാത്രം എഴുതുക. (നീല/കറുപ്പ്) മഷി ഉപയോഗിച്ച് എഴുതേണ്ടതാണ്.
- പ്രബന്ധകർത്താവിന്റെ പേരും വിലാസവും മൊബൈൽ നമ്പറും പ്രത്യേക പേപ്പറിൽ എഴുതി പ്രബന്ധത്തോടൊപ്പം പിൻ ചെയ്ത് ചേർക്കേണ്ടതാണ്. പ്രബന്ധത്തിൽ പേരോ മേൽവിലാസമോ എഴുതുവാൻ പാടുള്ളതല്ല.
- പ്രബന്ധത്തിന്റെ ദൈർഘ്യം 2500 വാക്കുകളിൽ ക്രമീകരിച്ചിരിക്കണം. പ്രബന്ധങ്ങൾ താഴെ കൊടുത്തിരിക്കുന്ന മേൽവിലാസത്തിൽ 2014 ആഗസ്റ്റ് 16 വൈകീട്ട് 5 മണിക്ക് മുമ്പായി ലഭിച്ചിരിക്കേണ്ടതാണ്.

മേൽ സൂചിപ്പിച്ച നിബന്ധനകൾ പാലിക്കാത്ത പ്രബന്ധങ്ങൾ യാതൊരു കാരണവശാലും സ്വീകരിക്കുന്നതല്ല.

<u>പ്രബന്ധങ്ങൾ അയയ്ക്കേണ്ട വിലാസം</u>

ഡയറക്ടർ
കേരള സംസ്ഥാന സാക്ഷരതാമിഷൻ അതോറിറ്റി, ബൃന്ദാവൻ,
ഗാന്ധാരി അമ്മൻ കോവിൽ സ്ട്രീറ്റ്, പുത്തൻചന്ത, തിരുവനന്തപുരം-695001

എം. സുജയ്
ഡയറക്ടർ

To

Director PRD
Registrar, University of Kerala/MG/Calicut/Kannur
Librarian, Kerala/MG/Calicut/Kannur Universities
Director Collegiate Education, ~~DPI~~
Principal, DIET
Secretary, State Library Council